SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–24/06/2023.

1. കേരള സംസ്ഥാന കടാശ്വാസ കമ്മീഷൻ മുഖേന കാർഷിക വായ്പകൾക്ക് നൽകിവരുന്ന ആനുകൂല്യത്തിനായി കർഷകർക്ക് ജൂൺ 30 വരെ അപേക്ഷിക്കാവുന്നതാണെന്ന് കൃഷിമന്ത്രി പി പ്രസാദ് പറഞ്ഞു. കടാശ്വാസ കമ്മീഷൻ മുഖേന കാർഷികവായ്പകൾക്കു നൽകിവരുന്ന കടാശ്വാസത്തിന് പരിഗണിക്കാവുന്ന വായ്പാ തീയതി ഇടുക്കി, വയനാട് ജില്ല ഒഴികെ മറ്റു എല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്ക് 2016 മാർച്ച് 31 വരെയും ഇടുക്കി വയനാട് ജില്ലകളിലെ കർഷകർക്ക് 2020 ആഗസ്റ്റ് 31 വരെയും ആയി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ആനുകൂല്യം കർഷകർക്ക് ലഭ്യമാക്കുന്നതിനായി 2023 ജനുവരി 1 മുതൽ ജൂൺ 30 വരെ കേരള സംസ്ഥാന കടാശ്വാസ കമ്മീഷനിൽ കർഷകർക്ക് കടാശ്വാസത്തിന് അപേക്ഷ നൽകാവുന്നതാണ്. കർഷകർ സഹകരണ ബാങ്കുകളിൽ/സംഘങ്ങളിൽ നിന്നും എടുത്ത വായ്പകൾക്ക് കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുഖേന നിലവിൽ പരമാവധി രണ്ട് ലക്ഷം രൂപ വരെയാണ് കടാശ്വാസം അനുവദിച്ചു വരുന്നത്.

2. കേരള കാർഷിക സർവകലാശാല വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളേജ് പച്ചക്കറി ശാസ്ത്ര വിഭാഗം സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ സഹായത്തോടെ നടത്തുന്ന നാടൻ പച്ചക്കറി ഇനങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി തനതു പച്ചക്കറി ഇനങ്ങളുടെ വിവരശേഖരണം നടത്തുന്നു. ഇത്തരം ഇനങ്ങൾ കൈവശമുള്ള കർഷകർ പച്ചക്കറി ശാസ്ത്ര വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. സംഗീതക്കുട്ടിയുമായി 7994207268 എന്ന നമ്പരിൽ ബന്ധപ്പെടുക.

3. കേരള കാർഷിക സർവകലാശാല വെള്ളായണി ഇൻസ്ട്രക്ഷനൽ ഫാമിൽ വെണ്ട, ചതുരപ്പയർ, കുറ്റിപ്പയർ, വൻപയർ, മത്തൻ, വഴുതന, തക്കാളി, മുളക്, കുറ്റി വാളരി, ചുരയ്ക്ക, WCT, കോമാടൻ തൈകൾ, കൂൺ വിത്ത് എന്നിവ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 2383572** എന്ന നമ്പരിൽ ബന്ധപ്പെടുക.

4. ചിറയിൻകീഴ് സ്റ്റേറ്റ് സീഡ് ഫാമിൽ പച്ചക്കറിത്തൈകൾ, വിത്തുകൾ, സമ്പുഷ്ടീകരിച്ച ചാണകം, മണ്ണിര കമ്പോസ്റ്റ്, വെർമിവാഷ്, വാം എന്നിവ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0470 2644291** എന്ന നമ്പരിൽ ബന്ധപ്പെടുക.

5. കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കരമനയിലുള്ള ഇന്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റം റിസർച്ച് സ്റ്റേഷനിൽ "ഉമ" ഇനം നെൽവിത്ത് കിലോയ്ക്ക് 42 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9446104347, 9847022929, 0471- 2343586

6. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാലയുടെ വയനാട് ക്യാമ്പസ്സിൽ നടത്തപ്പെടുന്ന മാസ്റ്റർ ഓഫ് സയൻസ് (വൈൽഡ് ലൈഫ് സ്റ്റഡീസ്) കോഴ്സിലേക്കുള്ള അപേക്ഷകൾ സ്വീകരിച്ചു വരുന്നു. വന്യജീവികളെ കുറിച്ചും മനുഷ്യ വന്യമൃഗ സമ്പർക്കമുഖത്തെ പ്രധാന പ്രശ്നങ്ങളായ ജന്തുജന്യരോഗങ്ങൾ, വന്യജീവി എന്നിവയെക്കുറിച്ചും കൂടുതൽ പഠിക്കുവാൻ താല്പര്യമുള്ള ജീവശാസ്ത്ര ബിരുദധാരികൾക്ക് (സുവോളജി, ബോട്ടണി, വെറ്ററിനറി സയൻസ്, ഫോറസ്ട്രി, അഗ്രികൾച്ചർ തുടങ്ങിയ യോഗ്യതകൾ) അപേക്ഷിക്കാം. ഈ വർഷത്തെ പ്രവേശനത്തിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി ജൂൺ 25 ആണ്. പ്രവേശന സംബന്ധമായ വിശദവിവരങ്ങൾ അറിയുവാൻ സർവ്വകലാശാലയുടെ www.kvasu.ac.in വെബ്സൈറ്റ് സന്ദർശിക്കുക.

7. റബ്ബർടാപ്പിങ്തൊഴിലാളികൾക്കായി റബ്ബർബോർഡ് 2011-12 വർഷത്തിൽ ആരംഭിച്ച ഗ്രൂപ്പ് ലൈഫ് ഇൻഷ്വറൻസ് കം ടെർമിനൽ ബെനിഫിറ്റ് പദ്ധതിയിൽ ചേർന്നിട്ടുള്ളവർ അവരുടെ ഈ വർഷത്തെ വിഹിതം 2023 ജൂലൈ 07 നു മുമ്പായി അതത് പ്രദേശത്തെ റബ്ബർബോർഡ് റീജിയണൽ ഓഫീസിൽ അടച്ച് പോളിസി പുതുക്കേണ്ടതാണ്.

**പരിശീലന പരിപാടി**

8. തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിന്റെ ആഭിമുഖ്യത്തിൽ നമുക്കൊരുക്കാം ഓണപൂന്തോട്ടം എന്ന വിഷയത്തിൽ ഈ മാസം 27, 28 തീയതികളിലായി ദ്വിദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ഓണപ്പൂക്കളത്തിന് വേണ്ടിയുള്ള പൂച്ചെടികളുടെ കൃഷി രീതികൾ, ബഡ്ഡിംഗ് ഗ്രാഫ്റ്റിംഗ്- പ്രായോഗിക പരിശീലനം എന്നിവയാണ് ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പരിശീലന ഫീസ് 600/- രൂപ പരിശീലന സമയം 10 മുതൽ 4 മണി വരെ. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ്, പൂക്കളുടെ വിത്ത്, കൈപ്പുസ്തകം എന്നിവ നല്കുന്നതാണ്. പങ്കെടുക്കുവാൻ താൽപര്യമുള്ളവർ 8606631545 എന്ന നമ്പരിലേക്ക് വിളിക്കുകയോ പേരും ഫോൺ നമ്പരും

വാട്ട്സ്ആപ്പ് സന്ദേശം അയച്ചോ രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9495118208 എന്ന നമ്പരിൽ ബന്ധപ്പെടുക.

9. **കാർഷിക നിർദ്ദേശം**

വൃക്ഷ വിളകൾ നടാൻ പറ്റിയ സമയമാണ് ഇപ്പോൾ. വിളകൾ നടുമ്പോൾ, ചെടികൾ തമ്മിൽ ശാസ്ത്രീയമായ അകലം ഉറപ്പാക്കണം. മേൽ മണ്ണിന്റെ കൂടെ ജൈവവളങ്ങൾ മിശ്രിതം ചെയ്തു വേണം കുഴികൾ മൂന്നിൽ രണ്ടു ഭാഗം നിറക്കാൻ. ഗ്രാഫ്ട് / ഒട്ടിച്ച ബഡ് തൈകൾ നടുമ്പോൾ ഒട്ടിച്ച ഭാഗം തറ നിരപ്പിനു രണ്ടു മുതൽ മൂന്നു സെ. മീ. മുകളിൽ ആയി വരത്തക്കവണ്ണം നടുക. ഒട്ടിച്ച ഭാഗത്തിനു താഴെ രൂപം കൊള്ളുന്ന ഇലകൾ, ശിഖരങ്ങൾ എന്നിവ അറുത്തു മാറ്റിക്കൊണ്ടിരിക്കുക. തൈ നട്ടിരിക്കുന്ന കുഴികളിലേക്ക് മഴ വെള്ളം ഒലിച്ചിറങ്ങാതിരിക്കാൻ പറമ്പിൽ കുഴിക്കു ചുറ്റും വരമ്പുകൾ തീർക്കുക.വൃക്ഷ വിളകൾക്ക് ഒന്നാം ഗഡു വളം ചേർക്കാൻ അനുയോജ്യമായ സമയമാണിത് . സംയോജിത വളപ്രയോഗ രീതി അവലംബിക്കുക. മഴയില്ലാത്ത സമയത്ത് മഴയില്ലാത്ത ഇടവേളകളിൽ മാത്രം കീടനാശിനി തളിക്കുക.